വിമുക്തഭട കോളനികൾ

* 526 [557] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വിമുക്തഭടൻമാരുടെ കോളനികളുണ്ട്; അവ ഏതെല്ലാം;

(ബി) ഒട്ടാകെ എത്ര വിമുക്തഭടൻമാർക്ക് കോളനികളിൽ ഭൂമി നൽകിയിട്ടുണ്ട്;

(സി) ഇപ്പോഴും അങ്ങനെ വല്ല പദ്ധതിയും നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയാണ് കോളനി സ്ഥാപിക്കുന്നത്;

(ഇ) ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതിക്ക് രൂപംകൊടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) മൂന്നെണ്ണം. അവ, തിരുവിതാംകൂർ-കൊച്ചിൻ വിമുക്തഭട കോ-ഓപ്പറേറീവ് കോളനി നമ്പർ 3171, റാന്നി, തൃശ്ശൂർ ജില്ലാ വിമുക്തഭട കോ-ഓപ്പറേറീവ് കോളനി നമ്പർ 3317, വെറ്റിലപ്പാറ, വയനാട് വിമുക്തഭട കോളനി എന്നിവയാണ്.

(ബി) 2402 വിമുക്തഭടൻമാർക്ക് ഈ കോളനികളിൽ ഭൂമി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇത് വിശദമായി പരിശോധിക്കേണ്ട കാര്യമാണ്.

ഗ്രാമീണ ആശുപത്രികളിൽ പോസ്റ്റുമാർട്ടം നടത്തുന്നതിനുള്ള സൗകര്യം

* 527 [558] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഗ്രാമീണ ആശുപത്രികളോടനുബന്ധിച്ച് പോസ്റ്റുമാർട്ടം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

ഇതിന് പ്രത്യേക പരിപാടികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

ഫാമിംഗ് കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലം

* 528 [560] ശ്രീ. ഇ.കെ. പിള്ള:

,, ഇ.പി. ഗോപാലൻ:

,, എം.കെ. കേശവൻ:

,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly